(ബി) വെള്ളക്കരം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) വർദ്ധിപ്പിക്കുന്നുണ്ടെങ്കിൽ എത്ര ശതമാനം വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഗാർഹിക ഉപയോഗത്തിനുള്ള വെള്ളക്കരം വർദ്ധിപ്പിക്കാതെ അധിക വിഭവ സമാഹരണത്തിലൂടെ വരുമാനം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) 1-4-2000 മുതൽ വെള്ളക്കരം വർദ്ധിപ്പിക്കണമെന്ന് വാട്ടർ അതോറിറ്റിയുടെ അഭ്യർത്ഥന സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തീരുമാനമായിട്ടില്ല.

(ഡി) കുടിശ്ശിക പിരിച്ചെടുക്കുവാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുക, ദ്വൈമാസ ബില്ലിംഗ് രീതി വ്യാപകമാക്കുക, അനധികൃത വാട്ടർ കണക്ഷൻ കണ്ടുപിടിക്കുക എന്നീ നടപടികളിലൂടെ വരുമാനം വർദ്ധിപ്പിക്കുവാനുള്ള ശ്രമം നിരന്തരം നടത്തി വരുന്നുണ്ട്.

വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക നില മെച്ചപ്പെടുത്താൻ പുതിയ പരിഷ്ക്കാരങ്ങൾ

82 (2360) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റി ജലവിതരണത്തിനുവേണ്ടി പ്രതിവർഷം എത്ര രൂപ ചെലവഴിക്കുന്നുണ്ടെന്ന് അറിയിക്കാമോ ;

(ബി) ജലവിതരണത്തിന് ചെലവഴിക്കുന്ന തുകയ്ക്ക് ആനുപാതികമായ വരുമാനം വാട്ടർ അതോറിറ്റിക്ക് ലഭിക്കുന്നുണ്ടോ എന്നറിയിക്കാമോ ;

(സി) വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിന് പുതിയ പരിഷ്കാരങ്ങൾ ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ജലവിതരണത്തിനുവേണ്ടി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി ചെലവഴിച്ച തുക താഴെപറയും പ്രകാരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

വർഷം		ചെലവഴിച്ച തുക (രൂപ കോടിയിൽ)
1998-99	-	145.29
1999-2000	-	205.43
2000-01	-	212.46
2001-02	-	171.10
2002-03	-	194.63

(ബി) ജലവിതരണത്തിന് ചെലവഴിക്കുന്ന തുകയ്ക്ക് ആനുപാതികമായ വരുമാനം വാട്ടർ അതോറിറ്റിക്ക് ലഭിക്കുന്നില്ലെന്നാണ്. കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി ലഭിച്ച റവന്യൂ വരുമാനത്തിന്റെ താഴെ കൊടുത്തിട്ടുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് :

വർഷം		വരുമാനം (രൂപ കോടിയിൽ)
1998-99	-	68.89
1999-2000	-	79.76
2000-01	-	90.63
2001-02	-	95.00
2002-03	-	105.79

(സി) ഉദ്ദേശിക്കുന്നുണ്ട്.

(ഡി) വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സാമ്പത്തിക ഭദ്രത ഉറപ്പാക്കാനും ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാനായി നിയോഗിച്ച ജലവിഭവ വകുപ്പ് പ്രിൻസിപ്പൾ സെക്രട്ടറി ചെയർമാനായിട്ടുള്ള നാലംഗ കമ്മിറ്റി ഒരു ധവളപത്രം തയ്യാറാക്കി സമർപ്പിച്ചത് സർക്കാർ പരിശോധിക്കുകയും, ആയത് സർക്കാർ പൊതുവിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ചുള്ള അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കൺസൾട്ടൻസികളുടെ ചെലവ്

83 (2361) പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എത്ര കൺസൾട്ടൻസികളെ നിയമിച്ചിട്ടുണ്ട് ;

(ബി) അവ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly